# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2265

### 14-06-2019 ൽ മറുപടിക്ക്

### മങ്കടയിൽ മോദിക്കയത്ത് ആർ.സി.ബി. നിർമ്മാണം

| ചോദ്യം<br>ശ്രീ. ടി.എ.അഹമ്മദ് കബീർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2017-18 ബഡ്ജറ്റ് പ്രഖ്യാപനവുമായി ബന്ധപ്പെട്ട് മങ്കടയിൽ മോദിക്കയത്ത് 65 കോടി രൂപയുടെ ആർ.സി.ബി. നിർമ്മാണത്തിനു തത്വത്തിൽ ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ കിഫ്ബിയിൽ നിന്നും തുടർനടപടികൾ സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | മങ്കട മണ്ഡലത്തിൽ മോദിക്കയത്ത് നിർമ്മിക്കുന്ന ആർ.സി.ബി പദ്ധതിയിന്മേൽ ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ പരിശോധിക്കുകയും അതിന്റെ ഭാഗമായി കിഫ്ബിയിലേയും കെ.ഐ.ഐ.ഡി.സി യിലേയും ഉദ്യോഗസ്ഥർ സംയുക്തമായി നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്തിയ പോരായ്മകൾ ഉൾപ്പെടുത്തിയ ഒരു റിപ്പോർട്ട് 22/12/2018 ൽ തന്നെ പദ്ധതി നിർവ്വഹണ ഏജൻസിയായ കെ.ഐ.ഐ.ഡി.സി ക്ക് കിഫ്ബി നൽകിയിട്ടുണ്ട്. അതിന്മേലുള്ള മറുപടി കിഫ്ബിയിൽ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് കിഫ്ബി അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) ഇത് സംബന്ധിച്ച് കിഫ്ബിയുടെ സാങ്കേതിക വിദഗ്ദ്ധ ടീമും കെ.ഐ.ഐ.ഡി.സി.യും 23.11.18-ന് സംയുക്തമായി സ്ഥലപരിശോധന നടത്തിയിട്ടും ആറ് മാസമായി യാതൊരു നേട്ടവും കൈവരിക്കാൻ സാധിക്കാതെ പോയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ